മാറാട് പ്രദേശത്ത് വാച്ച് ടവർ

33 [796] ശ്രീ. വി. കെ സി. മമ്മദ് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് പ്രദേശത്ത് സെർച്ച് ലൈറ്റോടു കൂടിയ വാച്ച് ടവർ നിർമ്മിക്കാം എന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വാച്ച് ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനം വ്യക്തമാക്കുമോ;

(സി) എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അനുവദിച്ച തുകയെത്ര; എന്നാണ് ഈ തുക അനുവദിച്ചത്;

(ഡി) അനുവദിച്ച തുകയിൽ എത്ര തുക ചെലവ് ചെയ്തു; പ്രവൃത്തി തിരിച്ച് തുക വ്യക്തമാക്കുമോ;

(ഇ) അനുവദിച്ച തുക ചെലവ് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ വാച്ച് ടവർ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മാറാട് പുതിയ പോലീസ് സ്റ്റേഷനും കൺട്രോൾ റൂമും നിലവിലുള്ളതിനാൽ വാച്ച് ടവർ ആവശ്യമില്ല എന്ന് 3-5-2005-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന കമ്മ്യൂണൽ ഹാർമണി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

(സി) 15-6-2002-ലെ സ. ഉ. (സാധാ.) നം. 1312/2002/ആഭ്യന്തരം പ്രകാരം മാറാട് പ്രദേശത്ത് വാച്ച് ടവർ നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ഡി) അനുവദിച്ച തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ഉത്തരം 'എ', 'ബി' പിരിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തോക്കുകൾക്ക് ലൈസൻസ്

34 [797] ശ്രീ. വി. ജെ. പൗലോസ് :
,, വർക്കല കഹാർ :
പ്രൊഫസർ കെ. വി. തോമസ് :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തോക്കുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരാൾക്ക് തന്നെ ഒന്നിലധികം ലൈസൻസ് നൽകിയ എത്ര കേസുകൾ ഉണ്ട്;

(സി) സംസ്ഥാനത്ത് ലൈസൻസ് ഇല്ലാത്ത തോക്കുകൾ ഇക്കഴിഞ്ഞ ഒരു വർഷത്തിനിടെ പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കള്ളനോട്ട് സംഘങ്ങൾക്കെതിരെ നടപടി

35 [798] ശ്രീ. കെ. കെ. ജയചന്ദ്രൻ:

" വി. കെ. സി. മമ്മത്കോയ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് വൻതോതിൽ കള്ളനോട്ടുകൾ അച്ചടിക്കുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പ്രവർത്തിച്ച എത്ര കള്ളനോട്ട് സംഘങ്ങളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 30 കള്ളനോട്ട് സംഘങ്ങളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 30 കേസുകൾ.

(ഇ) 375/സി.ആർ./04, 405/സി.ആർ./04, 25/സി.ആർ./05, 35/സി.ആർ./05, 46/സി.ആർ./05, 140/സി.ആർ./05, 296/സി.ആർ./05, 457/സി.ആർ./04, 297/സി.ആർ./05, 486/സി.ആർ./04, 450/സി.ആർ./04, 166/സി.ആർ./05, 163/സി.ആർ./05 എന്നീ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly